# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 23 06/01/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ദാസൻ<br>ശ്രീ. എം.ഹംസ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി. ചെന്താമരാക്ഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രിഷ്യനിലെ വിദഗ്ധ സംഘത്തിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രിഷ്യനിലെ വിദഗ്ധ സംഘത്തിന്റെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സമിതിയും യൂനിസെഫ് അടക്കമുള്ള വേറെയും വിദഗ്ധ സമിതികളും അട്ടപ്പാടി സന്ദർശിച്ച് വിശദമായ നിരീക്ഷണവും അതിനനുസൃതമായ ശുപാർശകളും നൽകിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | അട്ടപ്പാടിയിലെ വളർച്ച മുരടിച്ച കുട്ടികളെ സംബന്ധിച്ച കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു ; | (ബി) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരായ അമ്മമാരിലും കുഞ്ഞുങ്ങളിലും പോഷണക്കുറവും മൈക്രോ ന്യൂട്രിയൻസിന്റെ കുറവും മറ്റ് പ്രദേശങ്ങളിലുള്ളവരെ അപേക്ഷിച്ച് കൂടുതലായി ഉള്ളതായി മേൽ പരാമർശിച്ച പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. പഠന സമിതികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | അട്ടപ്പാടിയിലെ ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മതിയായ പോഷകാഹാരവും ചികിത്സയും നൽകുന്നതിലുണ്ടായ വീഴ്ചകൾ എന്തൊക്കെയായിരുന്നു ; | (സി) | അട്ടപ്പാടിയിലെ ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മതിയായ പോഷകാഹാരവും ചികിത്സയും നൽകുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടില്ല. ഗർഭിണികളുടെ പരിശോധനയും, പ്രതിരോധ കുത്തിവയ്പ്പും, അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണവും ആരോഗ്യ വകുപ്പ് നടത്തി വന്നിരുന്നു. കുഞ്ഞുങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പുകളും ആരോഗ്യ |

| | | | |
|---|---|---|---|
| | | | പരിശോധനകളും നടത്തി വരുന്നു. അട്ടപ്പാടിയിലെ ശിശുമരണങ്ങളിൽ ഭൂരിഭാഗവും ജനിക്കുമ്പോഴുള്ള ഭാരക്കുറവ് കൊണ്ടും, മാസം തികയാതെയുള്ള പ്രസവം മൂലവും സംഭവിച്ചതായിട്ടാണ് വ്യക്തമാകുന്നത്. ഗർഭാവസ്ഥയിലുള്ള പോഷകാഹാരക്കുറവാണ് ഇതിനു കാരണം. അമ്മമാരുടെ പോഷകാഹാര വിതരണം സാമൂഹ്യ നീതി വകുപ്പ് അംഗൻവാടി മുഖേനയാണ് നടത്തി വരുന്നത്. അതോടൊപ്പം വിളർച്ച തടയാനുള്ള അയൺ ഫോളിക് ആസിഡ് ഗുളികകൾ ആരോഗ്യ വകുപ്പ് വിതരണം നടത്തി വരുന്നു. കേന്ദ്ര സർക്കാരാണ് അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകി വന്നിരുന്നത്. ആയത് കൃത്യമായി ലഭിക്കാതെ വന്ന സാഹചര്യത്തിൽ ഇടക്കാലത്ത് കൃത്യമായി അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്താൻ സാധിച്ചിട്ടില്ല. എന്നാൽ ഇതു മനസിലാക്കി ലോക്കൽ പർച്ചേസ് മുഖേനയും, എൻ.ആർ.എച്ച്.എം. മുഖേനയും ഗുളികകൾ ലഭ്യമാക്കി എല്ലാ ഉപകേന്ദ്രങ്ങൾ വഴിയും, അംഗൻവാടി വഴിയും ഗുളിക വിതരണം പുനരാരംഭിച്ചിട്ടുണ്ട്. ഉൾവനങ്ങളിൽ താമസിക്കുന്ന ഗർഭിണികളെ കണ്ടെത്തി സേവനം ലഭ്യമാക്കുന്നതിന് ആരോഗ്യ പ്രവർത്തകരും, ട്രൈബൽ പ്രൊമോട്ടർമാരും, അംഗൻവാടി വർക്കർമാരും, ആശാ വർക്കർമാരും സംയോജിതമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള ഒഴിവുകൾ നികത്തുകയും അധിക ഫീൽഡ് ജീവനക്കാരെയും മറ്റ് സ്റ്റാഫിനെയും നിയോഗിച്ച് ചിട്ടയായ പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു. |
| (ഡി) | പ്രസ്തുത വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്താണെന്നും പോഷകാഹാരവും ചികിത്സയും ആദിവാസികൾക്ക് ഉറപ്പാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ ? | (ഡി) | അട്ടപ്പാടിയിൽ സംഭവിച്ച ശിശുമരണങ്ങൾ ചില പ്രത്യേക സാഹചര്യങ്ങൾ മൂലവും, സാമൂഹികവും, ഗർഭിണികളുടെ പോഷകാഹാരക്കുറവും മാസം തികയാതെയുള്ള പ്രസവവും, വിവിധ വകുപ്പുകളുടെ മതിയായ ഏകോപനവും ഇല്ലാത്തതുകൊണ്ടും, നവജാത ശിശുക്കളുടെ തൂക്കക്കുറവ് മൂലവും സംഭവിച്ചതിനാൽ ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അട്ടപ്പാടി മേഖലയിൽ രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സ്വീകരിച്ച നടപടികൾ |

| | | | |
|---|---|---|---|
| | | | ചുവടെ ചേർക്കുന്നു.<br><br>ഫീൽഡ് തലത്തിൽ ആരോഗ്യ സേവനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 24 ഹെൽത്ത് ആനിമേറ്റേഴ്സിനേയും, 24 ജെ.പി.എച്ച്.എൻ. മാരെയും നിലവിലുള്ള തസ്തികകൾക്ക് പുറമെ നിയമിച്ചു. ഫീൽഡ് തലത്തിൽ ഗർഭിണികളെയും കുഞ്ഞുങ്ങളെയും വീട് വീടാന്തരം സന്ദർശിച്ച് ആവശ്യമായ രോഗ പ്രതിരോധ നടപടികൾ, അയൺ ഫോളിക് ഗുളിക വിതരണവും, ബോധവൽക്കരണവും, ആശുപത്രിയിൽ പ്രസവം ഉറപ്പാക്കുന്നതിനുള്ള നടപടിയും ചെയ്തു വരുന്നു.<br><br>എല്ലാ ഉപ കേന്ദ്രങ്ങളും (28 എണ്ണം) 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കുകയും അതിലേയ്ക്ക് നിലവിലുള്ള തസ്തികയല്ലാതെ അധികമായി ഒരു ജെ.പി.എച്ച്.എൻ. നെയും ഒരു ഹെൽത്ത് ആനിമേറ്ററേയും നിയമിച്ചു. ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് മുഴുവൻ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ വിവരങ്ങൾ നിരീക്ഷണ വിധേയമാക്കി വേണ്ട നടപടികൾ എടുത്തു വരുന്നു.<br><br>ഫീൽഡ് തലത്തിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിലേയ്ക്കായി നിലവിലുള്ള രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമെ മൂന്ന് പുതിയ യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കി. നിശ്ചിത ഇടവേളകളിൽ ഊരുകൾ സന്ദർശിച്ച് വേണ്ട ആരോഗ്യ സേവനം ഉറപ്പു വരുത്തുന്നു.<br><br>അട്ടപ്പാടി മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 75 അധിക തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചു. സി.എച്ച്.സി അഗളി, പി.എച്ച്.സി പുതൂർ എന്നിവിടങ്ങളിൽ കിടത്തി ചികിത്സയും പ്രസവ ശുശ്രൂഷയും നൽകി വരുന്നു. വിളർച്ചാ രോഗത്തിന്റെ ചികിത്സാർത്ഥം ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റിയിൽ സ്ഥാപിക്കുകയും ഇന്നേവരേയ്ക്കും 200 ൽ പരം ബ്ലഡ് ട്രാൻസ്ഫ്യൂഷൻ നടത്തുകയുമുണ്ടായി. കോട്ടത്തറ ആശുപത്രിയിൽ എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഓപ്പറേഷൻ തീയറ്ററും നവജാത ശിശു പരിചരണ യൂണിറ്റും സജ്ജീകരിച്ചു. ഗർഭിണികളുടെ പരിശോധനയ്ക്ക് ആവശ്യമായ അൾട്രാ |

| | | | |
|---|---|---|---|
| | | | സൗണ്ട് സ്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>അടിയന്തിര ഘട്ടങ്ങളിൽ രോഗികളെ വിദഗ്ധ ചികിത്സയ്ക്കായി ജില്ലാ ആശുപത്രി പാലക്കാട്, കോയമ്പത്തൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്ക് മാറ്റാനുള്ള വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ രോഗികൾക്ക് കോയമ്പത്തൂർ മെഡിക്കൽ കോളേജിൽ ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>പോഷകക്കുറവുള്ള കുഞ്ഞുങ്ങളുടെ വിദഗ്ധ പരിചരണത്തിനായി ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ സി.എച്ച്.സി അഗളി, പി.എച്ച്.സി പുത്തൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു.<br><br>ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാ വർക്കർമാർ, ഹെൽത്ത് ആനിമേറ്റർമാർ, അംഗൻവാടി ജീവനക്കാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്യൂണിറ്റി വിഭാഗം ടീമും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ടീമും ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രം തൈക്കാടിലെ ടീമും അട്ടപ്പാടിയിൽ വച്ച് വിദഗ്ധ പരിശീലനം നൽകുകയുണ്ടായി. ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്കുള്ള ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് എസ്.എ.റ്റി. തിരുവനന്തപുരത്ത് വച്ച് വിദഗ്ധ പരിശീലനം ലഭ്യമാക്കി. പ്രസവ ശുശ്രൂഷ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും എസൻഷ്യൽ മെറ്റേണൽ & ചൈൽഡ് കെയർ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. അത് ആവശ്യാനുസരണം തുടർന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

I

അട്ടപ്പാടിയുടെ ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ

1 വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡോ.എസ്. സുബ്ബയ്യ ഐ.എ.എസ് (റിട്ട.) സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. അദ്ദേഹം മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു വരുന്നു.

2 പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എസ്.റ്റി പ്രമോട്ടർമാരെ ഊരുകളിൽ വിന്യസിച്ച് ഫീൽഡ് തല സർവ്വേ നടത്തി പോഷകാഹാരക്കുറവ്, അനീമിയ തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ട പട്ടികവർഗ്ഗക്കാരായ രോഗികളെ കണ്ടെത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

3 വിദഗ്ദ്ധ ചികിത്സ ആവശ്യമായവരെ സൗജന്യമായി ആശുപത്രിയിൽ എത്തിച്ചുവരുന്നു.

4 അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങളിലും വിശദമായ ആരോഗ്യ സർവ്വേ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് മുഖേന നടത്തി വരുന്നു.

5 ആരോഗ്യ വകുപ്പും സാമൂഹ്യ നീതി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു ആരോഗ്യ സർവ്വെ നടത്തുകയും രോഗാതുരരായവരെ തുടർ ചികിത്സക്ക് ആശുപത്രികളിൽ എത്തിക്കുകയും ചെയ്തു.

6 എ.പി.എൽ വിഭാഗത്തിൽപെട്ട 1976 റേഷൻ കാർഡുകൾ ബി.പി.എൽ ആക്കി

7 2013 ഏപ്രിലിൽ തന്നെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോ അരി, 2 കിലോ പയർ വീതം നൽകി.

8 തുടർന്ന് മേയ്, ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നീ നാല് മാസങ്ങളിൽ പ്രതിമാസം 10 കിലോ റാഗി, 1 കിലോ ചെറുപയർ, 500 ഗ്രാം കടല, 500 ഗ്രാം തുവരപ്പരിപ്പ് ഇവ വീതവും 153 ലക്ഷം രൂപ ചെലവിൽ വിതരണം ചെയ്തു. സെപ്തംബർ മാസം 15 കിലോ അരി, 500 ഗ്രാം പഞ്ചസാര, 500 ഗ്രാം ചെറുപയർ, 500 ഗ്രാം മുളക്, 500 ഗ്രാം ശർക്കര, 500 മി.ലി വെളിച്ചെണ്ണ ഇവയടങ്ങുന്ന ഓണക്കിറ്റ് നൽകിയിരുന്നു.

9 പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് സംസ്ഥാന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ മുഖേന 1 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു. 2

10 ജീവനോപാധി വർദ്ധനവിന് അനുയോജ്യമായ പദ്ധതികൾ വകുപ്പിലെ എസ്.സി.എ ടു റ്റി. എസ്.പി , ആർട്ടിക്കിൾ 275(1) കോർപ്പസ് ഫണ്ട് എന്നീ ശീർഷകങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

11 സിക്കിൾ സെൽ അനീമിയ ബാധിതരായ 59 പേർക്ക് പ്രതിമാസം ~~100/-~~ 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

12 പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ 25 ലക്ഷം രൂപ അനുവദിച്ചു.

13 ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം 9481 പേരുടെ അപേക്ഷകൾ സ്വീകരിച്ചു

14 ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ അസസ്മെന്റ് സർവേ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ

15. ഗർഭിണികൾക്കും നവജാതശിശുക്കൾക്കും പ്രതിമാസം 1000/- രൂപ വീതം ആകെ 18 മാസം ധനസഹായം നൽകുന്ന ജനനി ജന്മരക്ഷ എന്ന പദ്ധതി ആവിഷ്കരിച്ചു. ധനസഹായം മണിയോർഡർ വഴിയാക്കി തുടങ്ങി.

16. ദുർഘടപ്രദേശങ്ങളിൽ പട്ടികവർഗ്ഗകുട്ടികൾക്ക് സ്കൂളിൽ വന്നു പോകുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.

17. സർക്കാർ ആശുപത്രികളിലും ഗവൺമെന്റ്/സഹകരണ മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെന്റർ,മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിൽ പട്ടികവാർഗ്ഗക്കാർക്ക് സൗജന്യ ചികിത്സാ നൽകുന്നതിനുള്ള സമഗ്ര ആരോഗ്യ പദ്ധതിയ്ക്ക് അനുമതി ലഭിച്ചു. അതനുസരിച്ച് ജില്ലാമെഡിക്കൽ ആഫീസർമാർക്കും ഗവൺമെന്റ്/ സഹകരണ മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ സൂപ്രണ്ടുമാർക്കും, തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു.

18. പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പു മുഖേന 3.10 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വകുപ്പ് മുഖേന ആർട്ടിക്കിൾ 275(1) പ്രകാരം 40 ലക്ഷം രൂപയടെ പദ്ധതിയും ഈയിനത്തിൽ നടപ്പിലാക്കി വരുന്നു.

19. അഗളി,ഷോളയൂർ, പുതൂർ ഗവ ഹയർ സെക്കണ്ടറി സ്കൂളുകളിൽ +1 സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ അട്ടപ്പാടിയിലെ SSLC പാസ്സായ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും (90 പേർ) ഉപരിപഠനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

20. +2 പാസ്സായ 45 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 25 പേർക്ക് അഗളി ഗവ. കേളേജിലും, ശേഷിച്ചവർക്ക് മണ്ണാർക്കാട് MES കോളേജ്, പാലക്കാട് ഗവ. വിക്ടോറിയ കോളേജ്, മേഴ്സി കോളേജ്, ചിറ്റൂർ ഗവ. കോളേജ്, ഗവ. ഐ.റ്റി.ഐ കുലുക്കൂർ, അട്ടപ്പാടി എന്നിവിടങ്ങളിലും പ്രവേശനം ലഭിച്ചിട്ടുണ്ട്.

21. അട്ടപ്പാടിയിലെ ജനസംഖ്യയിൽ പട്ടികവർഗ്ഗക്കാർ 44% ആയതിനാൽ വയനാട് ജില്ലയിലേതു പോലെ സ്കൂൾ, കോളേജ് പ്രവേശനത്തിന് SC/ ST സംവരണമുള്ള 20% സീറ്റിൽ SC 5%, ST 15% എന്ന രീതിയിൽ അനുവദിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചു.

<u>മറ്റു ഓഫീസുകൾ</u>

പ്രോജക്ടഓഫീസിന് പുറമെ സംയോജിത ശിശുവികസന ആഫീസ്, കൃഷിഅസിസ്റ്റന്റ് ഡയറക്ടർആഫീസ്, 3 കൃഷി ഭവനുകൾ, മൃഗാശുപത്രി, ഡി.വൈ.എസ്.പിആഫീസ്, 172 അംഗൻവാടികൾ എന്നിവയും പ്രവർത്തിക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറയിൽ പട്ടികവർഗ്ഗക്കാർക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും, അഗളിയിൽ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററും, പുതൂർ, ഷോളയൂർ, വട്ടുളുക്കി എന്നിവിടങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും 28 സബ്സെന്ററുകളും പ്രവർത്തിക്കുന്നു. 3 മൊബൈൽ മെഡിക്കൽയൂണിറ്റുകളും, 61 ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ/ ജൂനിയർ പബ്ലിക്ഹെൽത്ത് നേഴ്സുമാരും, 62 ആശാവർക്കർമാരും ആരോഗ്യവകുപ്പിന് കീഴിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

<u>അട്ടപ്പടിയുടെ ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട്ചെയ്യതിനെ തുടർന്ന് മറ്റ് വകുപ്പുകൾ സ്വീകരിച്ച നടപടികൾ</u>

**സാമൂഹിക നീതി വകുപ്പ്**

1. സാമൂഹിക നീതിവകുപ്പിലെ ഒഴിവുണ്ടായിരുന്ന അട്ടപ്പാടിയിലെ ഐ.സി.ഡി.എസ് പ്രോജക്ട്ഓഫീസറുടെയും, 5 സൂപ്പർവൈസർമാരുടെയും ഒഴിവുകൾ നികത്തി.
2. അംഗൻവാടി മുഖേനയുള്ളഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാർക്കും, 1-6 പ്രായമുള്ള കുഞ്ഞുങ്ങൾക്കും നൽകുന്ന പൂരക ഭക്ഷണ വിതരണം ഊർജ്ജിതപ്പെടുത്തി.
3. ഗ്രാമപഞ്ചായത്ത് മെമ്പറുടെ അദ്ധ്യക്ഷതയിൽ അംഗൻവാടി വെൽഫയർ കമ്മിറ്റികൾ മാസാമാസം കൂടി പട്ടികവർഗ്ഗമേഖലയിലെ പ്രവർത്തനം കുറ്റമറ്റതാക്കാനും, വിലയിരുത്തുവാനും നടപടി എടുത്തു.
4. അംഗൻ വാടികൾ മുഖേന സഫല കിറ്റുകൾ വിതരണം ചെയ്തു.
5. അയൺഫോളിക് ഗുളികകൾ, കൗമാരപ്രയക്കാരയ പെൺകുട്ടികൾക്ക് അംഗൻവാടികൾ ആഴ്ചത്തോറും എൻ.ആർ.എച്ച്.എം - ന്റെ ആഭിമുഖ്യത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.
6. അംഗൻവാടി വർക്കർമാർ എല്ലാ ദിവസവും വൈകുന്നേരം 3.30 മുതൽ 5.00 മണിവരെ പട്ടികവർഗ്ഗ ഭവനങ്ങൾ സന്ദർശനം നടത്തുന്നു.

7. നിലവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്ന ഏജൻസിയെ മാറ്റി വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിച്ചു.
8. അംഗൻവാടി വർക്കാർമാർക്ക് നവജാത ശിശു സംരക്ഷണത്തിൽ പരിശീലനം നൽകി.
9. കുട്ടികൾക്കായി 10 ഓളം പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രായത്തിനുസരിച്ച് ഭാരമില്ലാത്ത 299 കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിചരണം ആരംഭിച്ചു.
10. 30 കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിച്ചു.

**ആരോഗ്യവകുപ്പ്**

1. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അനുവദനീയമായ ഗൈനക്കോളജിസ്റ്റ് അടക്കമുള്ള ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു .അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിലെ വിവിധ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകൾ, പി.എച്ച്.സികൾ എന്നിവിടങ്ങളിൽ അധികമായി ആവശ്യമായ 75 തസ്തികസൃഷ്ടിച്ചു. ഡോ. പ്രഭുദാസിനെ അട്ടപ്പാടിയിലെ ആരോഗ്യപ്രവർത്തനങ്ങളുടെ നോഡൽ ഓഫീസറായി നിയമിച്ചു.
2. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ മുടങ്ങിക്കിടന്ന സ്റ്റാഫ്ക്വാർട്ടേഴ്സിന്റെ നിർമ്മാണം പുനരാരംഭിക്കുകയും ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. പുതൂർ പി.എച്ച്.സിയിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചു.
3. കോട്ടത്തറ സർക്കാർ ആശുപത്രിയിൽ 2013 ഏപ്രിൽ മാസത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും 23597 പട്ടികവർഗ്ഗക്കാരെ പരിശോധിച്ച് വിദഗ്ദ്ധ ചികിത്സ ആവശ്യമായ 849 പേർക്ക് തുടർ ചികിത്സ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. രണ്ടാം ഘട്ടമായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിൽ 7767 പട്ടികവർഗ്ഗക്കാർ പങ്കെടുക്കുകയും വിദഗ്ദ്ധ ചികിത്സ ആവശ്യമായ 140 പേരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ കണ്ടെത്തിയ രോഗികൾക്ക് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സഹായത്തോടെ തുടർ ചികിത്സ ലഭ്യമാക്കി വരുന്നു.

4. ആരോഗ്യവകുപ്പിന് കീഴിൽ അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും പുതൂർ പ്രൈമറി ഹെൽത്ത് സെൻററിലും ന്യൂട്രീഷൻ റിഹാബിലേറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു.
5. എൻ.ആർ.എച്ച്.എം മുഖേന ആശാവർക്കർമാർക്ക് മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു.
6. ഹെൽത്ത് സബ്സെന്ററുകൾ വഴി രോഗികൾക്ക് 24 മണിക്കൂർ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.
7. ഹെൽത്ത് സബ്സെന്റർ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
8. എൻ.ആർ.എച്ച്.എം മുഖേന കോട്ടത്തറ ആശുപത്രിയിൽ 24 പേരെയും സി.എച്ച്.സി അഗളിയിൽ 11 പേരെയും പുതൂർ പി.എച്ച്.സിയിൽ 5 പേരെയും ഷോളയൂർ പി.എച്ച്.സിയിൽ 4 പേരെയും ആനക്കട്ടി പി.എച്ച്.സിയിൽ ഒരാളെയും മൊബൈൽ മെഡിക്കൽ യൂണിറ്റിൽ 6 പേരെയും നിയമിക്കുകയുണ്ടായി.
9. കൊട്ടത്തറ ആശുപത്രിയിൽ രക്തബാങ്ക്, അൾട്രാസൗണ്ട് സ്കാനിംഗ് സംവിധാനം, ഓപ്പറേഷൻ തീയറ്റർ എന്നിവ ആരംഭിച്ചു.
10. അഗളി കമ്മ്യൂണിറ്റി ഹെൽത്ത സെന്ററിലും, പുതൂർ പബ്ലിക് ഹെൽത്ത് സെന്ററിലും ന്യുട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.
11. എൻ.ആർ,എച്ച്.എം വഴി ഗർഭിണികൾക്കും, നവജാതശിശുക്കൾക്കും ആശുപത്രിയിൽ പോയി വരുന്നതിന് യാത്രാ സൗകര്യം ഏർപ്പെടുത്തി.
12. ആരോഗ്യ പ്രവർത്തകരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും 75 തസ്തികൾ സർക്കാർ പുതുതായി അനുവദിക്കുകയുണ്ടായി (60 പേരെ നിയമിച്ചു).
13. അട്ടപ്പാടി പട്ടികവർഗ്ഗമേഖലയിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും പ്രോത്സാഹന ബത്ത സർക്കാർ അനുവദിച്ചു.

സിവിൽ സപ്ലൈസ് വകുപ്പ്

1. അട്ടപ്പാടി ഐ.റ്റി.ഡി.പി. ആഫിസിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ, പൊതുവിതരണ വകുപ്പ് വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 16 ക്യാമ്പുകൾ സംഘടിപ്പിക്കുകയും 1976 എ.പി.എൽ റേഷൻ കാർഡുകൾ ബി.പി. എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

2. മൂന്നു മൊബൈൽ മാവേലിസ്റ്റോറുകൾ ആരംഭിക്കാനും മൂന്നു പഞ്ചായത്തുകളിൽ ഓരോ [illegible] [illegible] കേന്ദ്ര സഹായത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും തീരുമാനിച്ചു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ നിർദ്ദേശം നൽകി

**കേരള വാട്ടർ അതോറിറ്റി**

28 ലക്ഷംരൂപ ചെലവിൽ കോട്ടത്തറ ആശുപത്രിയിൽ കുടിവെള്ളശുദ്ധീകരണ സംവിധാനം സ്ഥാപിച്ചു.

**റൂറൽ ഡവല്പ്മെന്റ്**

1. ഇൻഫർമേഷൻ, എഡ്യുക്കേഷൻ & കമ്മ്യൂണിക്കേഷൻ പരിപാടിയുടെ ഭാഗമായി അംഗൻവാടികളിലും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യശുചിത്വ ക്യാമ്പുകൾ,പട്ടികവർഗ്ഗ സ്കൂളുകളിലും, ഹോസ്റ്റലുകളിലും, നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു.
2. ഐ.എ.വൈ പദ്ധതി പ്രകാരം 2000 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.
3. പി.എം.ജി പദ്ധതിയിൽ ഉൾപ്പെടുത്തി 80.5 കി.മി ആകെ ദൂരം വരുന്ന 17 റോഡുകൾ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
4. തൊഴിലുറപ്പ് പദ്ധതി പ്രകാരം 3949 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് ഈ സാമ്പത്തിക വർഷം തൊഴിൽ ലഭ്യമാക്കുകയുണ്ടായി.
5. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമി മുഴുവനും കൃഷിചെയ്യുന്നതിന് ആവശ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കി വരുന്നു

2. കോട്ടയം സർക്കാർ ആശുപത്രിയോട് ചേർന്ന് ഒരു ലഹരി വിമുക്തി കേന്ദ്രം ആരംഭിച്ചു.

ജില്ലാ പഞ്ചായത്തും, ഭാരതീയ ചികിത്സാ വകുപ്പും

1. 11- 19 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പെൺകുട്ടികളുടെ ഇടയിൽ പ്രകടമായിട്ടുള്ള അനീമിയ രോഗത്തിന്റെ ചികിത്സയ്ക്കായി സുകന്യ എന്ന പേരിൽ ഒരു പ്രത്യേക പരിപാടി ആരംഭിച്ചു.

വനംവകുപ്പ്

1. 95 പട്ടികവർഗ്ഗ യുവാക്കളെ വനപാലകരായി നിയമിച്ചു കഴിഞ്ഞു.
2. വന്യമൃഗങ്ങളുടെ ഉപദ്രവം മൂലം വിള നശിച്ചുപോയ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി.

R.V

സെക്ഷൻ ഓഫീസർ